നടപടി സ്വീകരിച്ചു വരുന്നു. വിവര സാങ്കേതിക വിദ്യയുടെയും ജൈവസാങ്കേതിക വിദ്യയുടെയും അനന്തസാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നെൽകൃഷി ഉൾപ്പെടെ സംസ്ഥാനത്തെ കാർഷിക രംഗം നവീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കുട്ടനാടിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽപ്പെട്ട 33000 ഹെക്ടർ വരുന്ന പാടശേഖരങ്ങളുടെ വികസനത്തിനായി നബാർഡിന്റെ ധനസഹായത്തോടെ ഒരു ബൃഹത്ത് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

തൃശൂർ കോൾ മേഖലയിലെ കൃഷിനാശം

110 [428] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഒക്ടോബറിൽ ഉണ്ടായ ശക്തമായ മഴയിൽ തൃശ്ശൂർ കോൾ മേഖലയിൽ നെൽകൃഷിയ്ക്ക് ഉണ്ടായ നഷ്ടം എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) നാശനഷ്ടങ്ങൾ ഉണ്ടായ കൃഷിക്കാർക്ക് സർക്കാർ നൽകിയ സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) വീണ്ടും കൃഷി ഇറക്കുന്നതിന് കൃഷിക്കാർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

(ഡി) തൃശ്ശൂർ കോൾ മേഖലയിൽ കൃഷിക്കാർക്ക് കൊടുത്തു തീർക്കാനുള്ള സഹായങ്ങൾ എന്തെല്ലാമാണ്; 2001 മേയ് മാസത്തിനു ശേഷം കോൾ മേഖലയ്ക്ക് എന്തൊക്കെ സഹായങ്ങൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) കോൾ മേഖലയുടെ രണ്ടാംഘട്ട വികസന പദ്ധതി നബാർഡിന് സമർപ്പിക്കാനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) കോൾ മേഖലയുടെ വികസനത്തിന് കൂടുതൽ സാമ്പത്തിക സഹായം നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉയർത്തുന്നതിനും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കണമെന്നുള്ള ആവശ്യം പരിഗണിക്കുമോ;

(ജി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2001 മേയ് മുതൽ) തൃശ്ശൂർ കോൾ മേഖലയിലെ കൃഷിക്കാരുടെ സംഘടനാ പ്രതിനിധികളുമായി എത്ര തവണ ചർച്ച നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2004 ഒക്ടോബറിൽ ഉണ്ടായ ശക്തമായ മഴയിൽ തൃശ്ശൂർ കോൾ മേഖലയിൽ 1893 ഹെക്ടർ നെൽകൃഷിക്ക് നഷ്ടമുണ്ടായതായി കൃഷി വകുപ്പ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി ആന്റ് സി) കൃഷി വകുപ്പിൽനിന്നും വീണ്ടും കൃഷി ഇറക്കുന്നതിന് 151.41 മെട്രിക് ടൺ നെൽ വിത്ത് കണ്ടിജൻസി പ്രോഗ്രാം പ്രകാരം വിതരണം നടത്തി ഇതിലേയ്ക്കായി കൃഷി വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നൽകിയിട്ടില്ല.

(ഡി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ഇ) തൃശ്ശൂർ കോൾ വികസന പദ്ധതി വഴി നടപ്പിലാക്കിയ പ്രവൃത്തികളുടെയും വിനിയോഗിച്ച ഫണ്ടിന്റെയും ഒരു വിലയിരുത്തൽ നടത്തിയതിനുശേഷം രണ്ടാംഘട്ട വികസനത്തിനുള്ള സഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതാണ്.

(എഫ്) ഇപ്പോഴത്തെ പ്രവൃത്തി വിലയിരുത്തിയതിനുശേഷം ആലോചിക്കുന്നതാണ്.

(ജി) സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടില്ല.

കവുങ്ങിനുള്ള മഞ്ഞളിപ്പു രോഗവും ഗവേഷണങ്ങളും

111 [429] ശ്രീ. കെ. മുഹമ്മദാലി:

ശ്രീമതി രാധാ രാഘവൻ:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, ഇ. എം. അഗസ്തി:

,, ലൂഡിലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമുകിൻ തോട്ടങ്ങളിലെ അടയ്ക്കാമരങ്ങൾക്കുണ്ടാകുന്ന മഞ്ഞളിപ്പ് രോഗത്തിനു പ്രതിവിധി കണ്ടെത്തുവാൻ സംസ്ഥാന കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും നടത്തിയിട്ടുള്ള ഗവേഷണങ്ങൾ എന്തെല്ലാമാണ്;

(ബി) എത്രകാലമായി ഈ ഗവേഷണങ്ങൾ നടന്നുവരുന്നു;

(സി) ഈ രോഗത്തിനു ഫലപ്രദമായ പ്രതിവിധി കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അടയ്ക്കാമരങ്ങൾക്കുണ്ടാകുന്ന മഞ്ഞളിപ്പ് രോഗത്തിനു പ്രതിവിധി കണ്ടെത്തുവാൻ കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും സംയുക്തമായി രോഗബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും അവിടെ നിന്ന് മണ്ണുസാമ്പിളുകൾ, ഇലകളുടെ സാമ്പിളുകൾ, ഇവ ശേഖരിക്കുകയും സൂക്ഷ്മമൂലകങ്ങളുടക്കം എല്ലാ മൂലകങ്ങളുടെയും അളവ്, അനുപാതം എന്നിവ പരിശോധിക്കുവാനും രോഗാണുബാധകളെക്കുറിച്ചുള്ള പഠനം നടത്തുവാൻ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിൽ ഗവേഷണം നടത്താൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly